# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

സണ്ണി എം. സി
പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9446561939

പി.ആർ.ഒ/35/196/2016 **പത്രക്കുറിപ്പ്** 2016 സെപ്തംബർ 07

## ഇന്നത്തെ പരീക്ഷകൾ മാറ്റി (സെപ്തംബർ 8)

കോളജ് യൂണിയൻ ഇലക്ഷൻ പ്രമാണിച്ച് എം.ജി സർവ്വകലാശാല ഇന്ന് (സെപ്തംബർ 8, വ്യാഴം) നടത്തുവാൻ നിശ്ചയിച്ചിരുന്ന എല്ലാ പരീക്ഷകളും മാറ്റി വെച്ചു. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## എടത്വ സെന്റ് അലോഷ്യസ് കോളജിലെ യൂണിയൻ തെരഞ്ഞെടുപ്പ് മാറ്റി

എടത്വ സെന്റ് അലോഷ്യസ് കോളജിൽ ഇന്ന് നടത്തുവാൻ നിശ്ചയിച്ചിരുന്ന കോളജ് യൂണിയൻ തെരഞ്ഞെടുപ്പ് ഇനിയൊരറിയിപ്പ് ഉണ്ടാകുന്നതുവരെ മാറ്റി വച്ചു.

## എം.ജി പി.ജി ഏകജാലകം: ആദ്യ അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു; പ്രവേശനം 20 വരെ

എം.ജി സർവ്വകലാശാല ഏകജാലകം വഴിയുള്ള പി.ജി പ്രവേശനത്തിന്റെ ഒന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്ട്മെന്റ് ലഭിച്ചവർ ഓൺലൈൻ പേമെന്റ് ഗേറ്റ്‌വെ വഴി സർവ്വകലാശാലാ ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് സെപ്തംബർ 20ന് 4 മണിക്ക് മുൻപായി അലോടമെന്റ് ലഭിച്ച കോളജിൽ യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം ഹാജരായി പ്രവേശനം നേടണം. 20നകം ഫീസൊടുക്കാത്തവരുടെയും ഫീസൊടുക്കിയ ശേഷം കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും. തുടർന്നുള്ള അലോട്ട്മെന്റിലേക്ക് ഇവരെ പരിഗണിക്കുന്നതല്ല.

താൽക്കാലിക പ്രവേശനം നേടുന്നവർ തങ്ങളുടെ അലോട്ട്മെന്റ് മെമ്മോയും അസ്സൽ സാക്ഷ്യപത്രങ്ങളും കോളജുകളിലെ പരിശോധനയ്ക്ക് ശേഷം തിരിച്ച് വാങ്ങണം. ഇവർ കോളജിൽ പ്രത്യേകമായി ഫീസൊടുക്കേണ്ടതില്ല. എന്നാൽ ഓൺലൈനായി നിശ്ചിത ഫീസ് സർവ്വകലാശാലയ്ക്ക് അടയ്ക്കണം.

അപേക്ഷകൻ തനിക്ക് ലഭിച്ച അലോട്ട്മെന്റിൽ തൃപ്തനാണെങ്കിൽ തുടർ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടാതിരിക്കാനായി അവശേഷിക്കുന്ന ഹയർ ഓപ്ഷനുകൾ റദ്ദാക്കണം. ഹയർ ഓപ്ഷനുകൾ റദ്ദാക്കുന്നതിനുള്ള സൗകര്യം സെപ്തംബർ 21, 22 തീയതികളിൽ ലഭ്യമാണ്. ഉയർന്ന ഓപ്ഷനുകൾ നിലനിർത്തിയാൽ തുടർന്നുള്ള അലോട്ട്മെന്റിൽ ലഭിക്കുന്ന പ്രവേശനം നിർബന്ധമായും സ്വീകരിക്കേണ്ടതായി വരികയും ആദ്യ അലോട്ട്മെന്റ് നഷ്ടപ്പെടുകയും ചെയ്യും. ഇപ്രകാരം മാറ്റം ലഭിക്കുന്നവർ പുതുതായി ഫീസൊടുക്കേണ്ടതില്ല.സെപ്തംബർ 21, 22 തീയതികളിൽ ഓപ്ഷനുകൾ പുനഃക്രമീകരിക്കുന്നതിനുള്ള സൗകര്യം ലഭിക്കും.

ഹയർ ഓപ്ഷനുകൾ നില നിൽത്തുന്ന അപേക്ഷകർക്ക് രണ്ടാം അലോട്ട്മെന്റ് വരെ താൽക്കാലികമായി പ്രവേശനം നേടാവുന്നതാണ്. ഹയർ ഓപ്ഷനുകൾ നിലനിർത്തുവാൻ ആഗ്രഹിക്കുന്ന അപേക്ഷകർ ഒഴികെയുള്ളവർ കോളജുകളിൽ നിശ്ചിത ട്യൂഷൻ ഫീസ് ഒടുക്കി സ്ഥിരപ്രവേശനം ഉറപ്പു വരുത്തണം.

കോളജുകളിൽ പ്രവേശനത്തിനായി റിപ്പോർട്ട് ചെയ്യുന്നവർ പ്രവേശനത്തിന് ശേഷം കൺഫർമേഷൻ സ്ലിപ് കോളജധികൃതരിൽ നിന്നും ചോദിച്ചു വാങ്ങേണ്ടതും തങ്ങളുടെ പ്രവേശനം സംബന്ധിച്ച വിവരങ്ങൾ കൃത്യമായി അപ്‌ലോഡ് ചെയ്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

ഒിവിധ പ്രോഗ്രാമുകളിലേക്ക് നിശ്ചയിച്ചിരിക്കുന്ന ട്യൂഷൻ ഫീസ് സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും. ഹെൽപ് ലൈൻ നമ്പർ 0481-6555563,0481-2733379/2733581.

## എം.ജി ഡിഗ്രി ഏകജാലകം: ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കും

എം.ജി സർവ്വകലാശാല ഏകജാലകം വഴിയുള്ള ഡിഗ്രി പ്രവേശനത്തിനുള്ള രണ്ടാം ഫൈനൽ അലോട്ട്മെന്റിന്റെ ഒന്നാം അലോട്ട്മെന്റ് ഇന്ന് പ്രസിദ്ധീകരിക്കും. അർഹതനേടിയവർ ഓൺലൈനായി സർവ്വകലാശാല അക്കൗണ്ടിൽ വരേണ്ട ഫീസടച്ച് അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് എടുത്ത് യോഗ്യത തെളിയിക്കുന്ന അസ്സൽ സാക്ഷ്യപത്രങ്ങൾ സഹിതം സെപ്തംബർ 9ന് വൈകുന്നേരം 4 നകം അലോട്ട്മെന്റ് ലഭിച്ച കോളജിൽ ഹാജരായി പ്രവേശനം നേടണം. നിശ്ചിത തീയതിക്കകം ഫീസടയ്ക്കാത്തവരുടെയും കോളജിൽ പ്രവേശനം നേടാത്തവരുടെയും അലോട്ട്മെന്റ് റദ്ദാക്കും.

## പരീക്ഷാ തീയതി

രണ്ടാം സെമസ്റ്റർ (2012 മുതലുള്ള അഡ്മിഷൻ) ബിരുദാനന്തര ബിരുദ കോഴ്സുകളുടെ സപ്ലിമെന്ററി/റീഅപ്പിയറൻസ് പരീക്ഷകൾ സെപ്തംബർ 28 മുതൽ ആരംഭിക്കും. വിശദമായ ടേംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പ്രോജക്ട് ഇവാലുവേഷൻ/വൈവാ വോസി

നാലാം സെമസ്റ്റർ എം.എസ്.സി ബയോകെമിസ്ട്രി (സി.എസ്.എസ് – 2014 അഡ്മിഷൻ റഗുലർ, 2014ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012ന് മുൻപുള്ള അഡ്മിഷൻ നോൺ സി.എസ്.എസ് – സപ്ലിമെന്ററി/മേഴ്സി ചാൻസ്) ഡിഗ്രി പരീക്ഷകളുടെ പ്രോജക്ട് ഇവാലുവേഷനും വൈവാ വോസിയും സെപ്തംബർ 26 മുതൽ വിവിധ കേന്ദ്രങ്ങളിൽ നടത്തും.

## പ്രാക്ടിക്കൽ/ഡിസെർട്ടേഷൻ ഇവാലുവേഷൻ

അവസാന വർഷ എം.പി.റ്റി (റഗുലർ/സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കലും ഡിസെർട്ടേഷൻ ഇവാലുവേഷനും സെപ്തംബർ 22 മുതൽ ആരംഭിക്കും.

## പ്രാക്ടിക്കൽ

മൂന്നാം വർഷ ബി.എസ്.സി എം.എൽ.റ്റി (പുതിയ സ്കീം – 2008 അഡ്മിഷൻ – സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ സെപ്തംബർ 19 മുതൽ സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷന്റെ അതത് സെന്ററുകളിൽ വച്ച് നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ് സൈറ്റിൽ ലഭിക്കും.

## പാരാമെഡിക്കൽ അഡ്മിഷൻ കൗൺസിലിംഗ്

സ്കൂൾ ഓഫ് മെഡിക്കൽ എജ്യൂക്കേഷൻ നടത്തുന്ന 2016–17 അദ്ധ്യയന വർഷത്തിലേക്കുള്ള പാരാമെഡിക്കൽ ബിരുദ കോഴ്സുകളായ ബി.എസ്.സി നഴ്സിങ്, ബി.എസ്.സി എം.എൽ.റ്റി ജനറൽ വിഭാഗത്തിൽ റാങ്ക് 801 മുതൽ 1200 വരെയും, മുസ്ലീം വിഭാഗത്തിൽ ബി.എസ്.സി നഴ്സിങ് റാങ്ക് 1801 മുതൽ 2000 വരെയും, ധീവര വിഭാഗത്തിൽ ബി.എസ്.സി എം.എൽ.റ്റി റാങ്ക് 1340 മുതൽ 1600 വരെയും, ബി.പി.റ്റി യ്ക്ക് ഈഴവ/തിയ്യ വിഭാഗത്തിൽ റാങ്ക് 801 മുതൽ 1100 വരെയും, ഒ.ബി.എച്ച് വിഭാഗത്തിൽ 1501 മുതൽ 1700 വരെയും അഡ്മിഷൻ കൗൺസിലിംഗ് സെപ്തംബർ 22ന് രാവിലെ 10 മണിക്ക് കോട്ടയം ഗാന്ധിനഗറിലുള്ള എസ്.എം.ഇ ഡയറക്ടറുടെ ഓഫീസിൽ വച്ച് നടത്തും. താൽപര്യമുള്ള വിദ്യാർത്ഥികൾ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും നിശ്ചിത ഫീസുമായി രക്ഷിതാക്കളോടൊപ്പം എത്തിച്ചേരണം. വെബ് സൈറ്റ് www.sme.edu.in, ഫോൺ 0481–6061014, 6061012.

## എം.ജി: ഫിസിക്സ് വകുപ്പിന് ഒരു കോടി രൂപയുടെ യു.ജി.സി ധനസഹായം

എം.ജി സർവ്വകലാശാല സ്കൂൾ ഓഫ് പ്യൂർ ആന്റ് അപ്ലൈഡ് ഫിസിക്സ് വകുപ്പിന് ഡിപ്പാർട്ട്മെന്റ് റിസെർച്ച് സ്കീമിൽ യു.ജി.സി പ്രത്യേക ധനസഹായം അനുവദിച്ചു. സാപ് (സ്പെഷ്യൽ അസിസ്റ്റൻസ് പ്രോഗ്രാം) –ൽ ഉൾപ്പെടുത്തി ഒരു കോടി മൂന്ന് ലക്ഷം രൂപയാണ് രണ്ടാം ഘട്ട ഗ്രാന്റായി അനുവദിച്ചത്. ഇതിന് പുറമെ അഞ്ച് വർഷത്തേയ്ക്ക് പ്രതിവർഷം ഏഴ് ഗവേഷകഫെലോഷിപ്പുകളും ലഭിക്കുന്നതാണ്. മെറ്റീരിയൽ സയൻസ്, ബയോഫിസിക്സ് മേഖലകളിലെ കഴിഞ്ഞ അഞ്ചുവർഷത്തെ ഒന്നാം ഘട്ട ഗവേഷണ മികവ് പരിഗണിച്ചാണ് ലോകനിലവാരത്തിലുള്ള ഗവേഷണ സൗകര്യങ്ങൾ ഒരുക്കുന്നതിനും ആധുനിക ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ളതാണ് ധനസഹായം. ഡോ. സി. സുദർശനകുമാർ സാപ് കോ–ഓർഡിനേറ്ററായും, ഡോ. പി. ആർ. ബിജു ജോയിന്റ് കോ–ഓർഡിനേറ്ററായും പ്രവർത്തിക്കുന്നു.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)